**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 898** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പഴശ്ശി റിസർവോയറിലെ ഇൻടേക്ക് വെല്ലുകളിൽ അടിഞ്ഞു കൂടിയ മണൽ നീക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പഴശ്ശി റിസർവോയറിലെ വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലുകളിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** പഴശ്ശി റിസർവോയറിലെ കേരള വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലുകളിൽ പമ്പിംഗിനെ ബാധിക്കുന്ന രീതിയിൽ മണൽ അടിഞ്ഞു കൂടുന്ന സാഹചര്യങ്ങളിൽ, യഥാസമയം അറ്റകുറ്റപ്പണി പ്രവൃത്തിയായി ആയത് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഇൻടേക്ക് വെല്ലുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പഴശ്ശി റിസർവോയറിലെ കേരള വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലുകളിൽ അടിഞ്ഞു കൂടുന്ന മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ താഴെ പറയുന്നവരാണ്:

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, തളിപ്പറമ്പ

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂർ

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ് വർക്ക്സ് സബ് ഡിവിഷൻ, ഇരിക്കൂർ

4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ, കണ്ണൂർ

5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ, മട്ടന്നൂർ

6. അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് വർക്ക്സ് സെക്ഷൻ, ഇരിക്കൂർ

7. അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് വർക്ക്സ് സെക്ഷൻ, ചാവശ്ശേരിപ്പറമ്പ്

**സെക്ഷൻ ഓഫീസർ**